ധന്യ എം. ബി

# നാണിയമ്മയുടെ മുട്ടൻ പ്ലാവ്

ഒരു പാവം അമ്മൂമ്മയാണ് നാണിയമ്മൂമ്മ. കുന്നിൻ ചെരിവിലെ കൊച്ചുവീട്ടിൽ ഒറ്റക്കാണ് അമ്മൂമ്മ താമസിക്കുന്നത്.

വീട്ടുമുറ്റത്ത് ഒരു മുട്ടൻ പ്ലാവുണ്ട്. മുട്ടൻ പ്ലാവാണെങ്കിലും ഭയങ്കര മടിയനാണ്. വർഷത്തിൽ മൂന്നോ നാലോ ചക്ക മാത്രമേ മടിയൻ പ്ലാവിൽ ഉണ്ടാവാറുള്ളു.

ഒരു ദിവസം നാണിയമ്മൂമ്മക്ക് കറിവെക്കാൻ ഒന്നും കിട്ടിയില്ല. നാണിയമ്മൂമ്മ സങ്കടത്തോടെ മുട്ടൻ പ്ലാവിന്റെ അടുത്ത് ചെന്ന് പറഞ്ഞു:

"മുട്ടൻ പ്ലാവേ മിടുക്കൻ പ്ലാവേ
കറിവെക്കാനൊരു ഇടിച്ചക്ക
സ്വാദേറുന്നൊരു ഇടിച്ചക്ക



പല്ലനയാറ്റിൽ യാത്രാബോട്ട് മറിഞ്ഞ് മുങ്ങിമരിച്ച മഹാകവി– കുമാരനാശാൻ

താഴോട്ടിട്ടു തരുമോ നീ?''

മുട്ടൻ പ്ലാവിന് പാവം തോന്നി. ആകെയുള്ള നാലുചക്കകളിൽ നിന്നും ഒരു ചെറിയ ഇടിച്ചക്ക താഴോട്ടിട്ടുകൊടുത്തു.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ നാണിയമ്മൂമ്മക്ക് കുറച്ച് ചക്ക വറുത്തത് തിന്നാൻ കൊതി തോന്നി. നാണിയമ്മൂമ്മ മുട്ടൻ പ്ളാവിന്റെ അടുത്ത് ചെന്ന് പറഞ്ഞു:

''മുട്ടൻ പ്ലാവേ മിടുക്കൻ പ്ലാവേ
വറുത്തുകോരാനൊരു ചക്ക
സ്വാദേറുന്നൊരു തേൻ ചക്ക
താഴോട്ടിട്ടു തരുമോ നീ?''

മുട്ടൻ പ്ലാവിന് വീണ്ടും പാവം തോന്നി. അവൻ ഒരു മൂത്ത ചക്ക വറുക്കാനായി താഴോട്ടിട്ടുകൊടുത്തു.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ മുട്ടൻ പ്ലാവിലെ ബാക്കിയുള്ള രണ്ടു ചക്ക പഴുത്തു. ചക്ക പഴുത്ത മണം ചുറ്റും പരന്നു. മണം കേട്ട് മീനുകാക്കയും കുഞ്ഞനണ്ണാനും പുള്ളിപ്പയ്യും കൊതിയോടെ ഓടി വന്നു. അവർക്കൊപ്പം നാണിയമ്മൂമ്മയും കൂടി. എല്ലാവരും കൂടി മുട്ടൻ പ്ലാവിനോട് പറഞ്ഞു:

''മുട്ടൻ പ്ലാവേ മിടുക്കൻ പ്ലാവേ
വയർ നിറയെ തിന്നാനായി
സ്വാദേറുന്നൊരു തേൻ ചക്ക
താഴോട്ടിട്ടു തരുമോ നീ?''

മുട്ടൻ പ്ലാവ് വേഗം മൂത്തുപഴുത്ത രണ്ടു ചക്കകളും താഴോട്ടിട്ടുകൊടുത്തു. നാണിയമ്മൂമ്മ ചക്ക വെട്ടി കഷ്ണങ്ങളാക്കി. എല്ലാവരും കൂടി ചക്ക തിന്നു. സ്വാദേറും ചക്ക തന്നതിന് എല്ലാവരും മുട്ടൻ പ്ലാവിനെ അഭിനന്ദിച്ചു. മുട്ടൻ പ്ലാവിന് വലിയ സന്തോഷമായി. അവന്റെ മടിയൊക്കെ മാറി. ഇനി മുതൽ കൂടുതൽ ചക്ക തരുമെന്ന് അവൻ എല്ലാവരോടും പറഞ്ഞു.



## തവളയുടെ കണ്ണുപൊത്തിക്കളി

കണ്ണുപൊത്തിക്കൊണ്ട് തവളകൾക്ക് ജലപ്രാണികളെ പിടിക്കാനാവുമെന്നു പറഞ്ഞാൽ വിശ്വസിക്കുമോ? വിശ്വസിച്ചേ പറ്റൂ. കാരണം സംഭവം സത്യമാണ്. ചില ആഫ്രിക്കൻ തവളകൾക്ക് അതിന് കഴിവുണ്ട്. ശരീര പാർശ്വങ്ങളിൽ അതി സൂക്ഷ്മങ്ങളായ രോമരാജികൾ ഉണ്ട്. ഈ രോമങ്ങൾ തവളയുടെ തലച്ചോറിലേക്ക് ചില സന്ദേശങ്ങൾ അയക്കാറുണ്ട്.

ജലപ്രാണികൾ അടുത്തു വരുമ്പോഴത്തെ പ്രത്യേക തരംചലനം മനസ്സിലാക്കാനുള്ള കഴിവ് ഈ രോമങ്ങൾ വഴി തവളക്കുണ്ട്. ശാപ്പാട് വരുന്ന വിവരം തലച്ചോറിലെത്തുന്നു. തവളക്ക് ഓർഡർ കിട്ടുന്നു – ഇര അടുത്തെത്തിയിരിക്കുന്നു. ഇനി ഒറ്റച്ചാട്ടത്തിന് വായ്ക്കകത്താക്കിയാൽ മാത്രം മതി! കണ്ണുകൾ പൊത്തിവെച്ചാലും ഇത്തരം തവളകൾക്കിങ്ങനെ ഇരപിടിക്കാനാവും.

ശ്വാസകോശരോഗങ്ങളെ കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ– പൾമണോളജി